## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 249 — 21.06.2012-ൽ മറുപടി നൽകേണ്ടത്

# ഭൂസമരക്കാർക്ക് വാസയോഗ്യമായ ഭൂമിയും വീടും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ജോസഫ് വാഴക്കൻ<br>ശ്രീ വി.റ്റി. ബൽറാം<br>ശ്രീ ബെന്നി ബെഹനാൻ<br>ശ്രീ കെ.അച്ചുതൻ | ശ്രീ അടൂർ പ്രകാശ്<br>ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം ഭൂസമരക്കാർക്ക് അടിസ്ഥാന സൗകര്യങ്ങളോടെ വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ വീടുകൾ നിർമ്മിച്ച് കൊടുത്തതൊഴികെ മറ്റ് ജില്ലകളിൽ വീടുകൾ നിർമ്മിച്ചുനൽകിയിട്ടില്ല. |
| (ബി) ഭൂസമരക്കാർക്ക് മുൻഗവൺമെന്റ് വാസയോഗ്യമല്ലാത്ത ഭൂമിയാണോ നൽകിയത്; വിശദമാക്കുമോ; | (ബി) ഇടുക്കിയിലെയും കൊല്ലം ജില്ലയിലെ ഒരു പ്ളോട്ടിലേയും ഭൂമി വാസയോഗ്യമല്ലായെന്ന് പരാതി ലഭിച്ചിട്ടുണ്ട്. |
| (സി) ഇവർക്ക് വാസയോഗ്യമായ ഭൂമി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(ഡി) ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കി ഇവരെ ക്രമാനുസൃതമായി പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി)യും (ഡി) യും<br>കൂടുതൽ ഭൂമി കണ്ടെത്താനും കണ്ടെത്തിയവയിൽ സർവ്വെ നടപടികൾ പൂർത്തിയാക്കി സമരക്കാർക്ക് പതിച്ചു കൊടുക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ